# ***REFLECTION***



**ഐ.കെ.ടി.എച്ച്.എസ് ചെറുകുളമ്പ**

**ഇ-മാഗസിൻ**



# LITTLEKITES 2019-2020 TEAM

# ഐ.കെ.ടി.എച്ച്.എസ്

# ചെറുകുളമ്പ

# ഇ-മാഗസിൻ

# ലിറ്റിൽ കൈറ്റ്സ് 2019-2020



# EDITORIAL TEAM

# ലിറ്റിൽ കൈറ്റ്സ് സ്കൂൾതല നിർവ്വഹണസമിതി

| | |
|---|---|
| ചെയർമാൻ | :വി. പി. ഷാജി<br>പി.ട്ടി.എ പ്രസിഡന്റ് |
| കൺവീനർ | :മധുകൃഷ്ണ എച്ച്.എം |
| വൈസ് ചെയർമാൻ | :അലവിക്കുട്ടി.ടി.കെ |
| ജോയിന്റ് കൺവീനർ | :യാക്കൂബ് വി കൈറ്റ് മാസ്റ്റർ ഫെബിൻ ഇ കൈറ്റ് മിസ്ട്രസ് |
| സാങ്കേതിക ഉപദേഷ്ടാവ് | :യാക്കൂബ്. വി,<br>മുഹമ്മദ് നൗഫൽ |
| കുട്ടികളുടെ പ്രധിനിധികൾ | :ഫർസീൻ ബഷീർ,<br>അജ്ബ ഷെറിൻ,<br>വിജയ്ദേവ് |

# പത്രാധിപ സമിതി

മുഖ്യ പത്രാധിപര് : മധു കൃഷ്ണ [എച്ച്.എം]

സ്റ്റാഫ് എഡിറ്റര് : ഷീല ടീച്ചർ

സ്റ്റുഡന്റ് എഡിറ്റർ : സന ഫാത്തിമ

സബ് എഡിറ്റർ : ഫാത്തിമ ഹെന്ന,,
ഫാത്തിമ ഹുദ,
നന്ദു മനോജ്

ഡിസൈനർ : റിഫാദ

പത്രാധിപസമിതി അംഗങ്ങൾ : അജ്ബ ഷെറിൻ, ഫിദ,
മുഹമ്മദ് ഷാനിബ്,
ഷബീബ്, ഇർഫാൻ,
ദാനിഷ്, സീനത്ത്, ഷഫ്ന
മെഹറിൻ, സിനാൻ

ഉപദേശക സമിതി: മധു കൃഷ്ണ, ഷീല ,രമേശ്,
യാക്കുബ്. വി, ഫെബിൻ. ഇ,
നാസർ കാലടി

# ആമുഖം

സൂര്യപ്രകാശത്തിൽ തിളങ്ങുന്ന മഞ്ഞുതുള്ളികൾ എത്ര മനോഹരമാണ്..വർണ്ണനാതീതമായ ആ മനോഹാരിതയേക്കാൾ സുന്ദരമായ ഈ വർഷത്തെ ഇ-മാഗസിൻ ഞങ്ങൾ നിങ്ങൾക്കു സമർപ്പിക്കുന്നു......

# മികവിന്റെ ഒരു വർഷം



2018 -19 സംസ്ഥാന ലിറ്റിൽ

കൈറ്റ്സ് ക്യാമ്പിൽ പങ്കാളിത്തം

ഐറിൻ



2018 -19 ജില്ലാതല ലിറ്റിൽ

കൈറ്റ്സ് ക്യാമ്പിൽ പങ്കാളിത്തം

അതുൽ കൃഷ്ണ



2019-20 ജില്ലാതല ലിറ്റിൽ

കൈറ്റ്സ് ക്യാമ്പിൽ പങ്കാളിത്തം

ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ
Reflection എന്ന പേരിൽ ഒരു ഇ-മാഗസിൻ
തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ ഞാൻ
അതിയായി സന്തോഷിക്കുന്നു.വിദ്യാർത്ഥികളുടെ
പാഠ്യപഠ്യേതര പ്രവർത്തനങ്ങൾ
മെച്ചപ്പെടുത്താനും സാഹിത്യ അഭിരുചി
മെച്ചപ്പെടുത്താനും ഈ ഇ-മാഗസിൻ
സഹായകമാകട്ടെയെന്നും ഇതിന്റെ പിന്നിൽ
പ്രവർത്തിച്ച എല്ലാവരെയും അഭിനന്ദിക്കുന്നു.

എന്ന്

ചീഫ് എഡിറ്റർ

മധുകൃഷ്ണ

2019-2020 അധ്യായനവർഷം ചെറുകുളമ്പ്

ഐ.കെ.ടി ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ്

അംഗങ്ങൾ Reflection

എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ

തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ അത്യധികം

സന്തോഷവും അഭിമാനവുമുണ്ട്.

വിദ്യാർത്ഥികളുടെ പഠനനിലവാരം ഹൈടക്

രീതിയിലേക്ക് ഉയർന്നതിന്റെ മുഖ്യമുദ്രയാണിത്.

കാലോചിതമായ മാറ്റങ്ങൾക്കനുസരിച്ച് ഇത്തരം

വേറിട്ട പ്രവർത്തനങ്ങൾ കൊണ്ട് നമ്മുടെ വിദ്യാർ

ത്ഥികൾക്ക് വാനോളം ഉയരാനാവട്ടെ.

ഷീല എൻ

സ്കൂളിലെ ലിറ്റിൽ കൈറ്റ്സ്
മാഗസിൻ തയ്യാറാക്കുന്നു എന്ന് അറിഞ്ഞതിൽ
അതിയായ സന്തോഷം. നന്മകൾ നാടുനീങ്ങുന്ന വർത്തമാനകാലത്ത് എന്നും മനസ്സിൽ വസന്തം തീർക്കാൻ നിങ്ങൾക്ക് കഴിയട്ടെ.മാഗസിന്റെ പിന്നിൽ
പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ

രമേശൻ എം

മലയാളം അധ്യാപകൻ

ഒരു സമൂഹത്തിന്റെ സാംസ്കാരിക വളർച്ചയുടെ കേന്ദ്ര ഉറവിടങ്ങലാണ് വിദ്യാലയങ്ങൾ ചെറുകളമ്പ ഐ.കെ.ടി ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിൻ, സ്കൂളിന്റെ വികസന പന്ഥാവിലെ ഒരു നാഴികക്കല്ലാവട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നതോടൊപ്പം ഈ മഹത് സംരഭത്തിന് പിന്നിൽ പ്രവർത്തിച്ച ഏവർക്കും ഹൃദ്യമായ ഒരായിരം നന്ദികൾ അർപ്പിച്ച് കൊണ്ട് എല്ലാ വിധ ഭാവുകളും നേരുന്നു.....

-നാസർ.കാലടി

സ്റ്റാഫ് സെക്രട്ടറി

2019-2020 വർഷത്തെ ലിറ്റിൽ കൈറ്റ്സ്
അംഗങ്ങളുടെ നേതൃത്വത്തിൽ
എന്ന ഡിജിറ്റൽ മാഗസിന് എല്ലാ വിധ ഭാവുകളും
നേരുന്നു.

എന്ന്

കൈറ്റ് മാസ്റ്റർയാക്കുബ്.വി

കൈറ്റ് മിസ്ട്രസ് ഫെബിൻ.ഇ

# INDEX


പറയാൻ ബാക്കിവെച്ചത്.......14

മടക്കയാത്ര.......16

ഗനിത്യാർഭരം.......17

നഷ്ടപ്പെട്ട ജീവിതവും സ്വപ്നവും.......18

THAT NIGHT.......21

ا.......22

ردو زبان کا اہمیت.......22

खिडकी.......23

.......24

.......24

.......24

.......25

.......26

.......26

.......26

.......27

.......28

.......28

കാലത്തിന്റെ കയ്യൊപ്പ്.......32

.......32

The voice of oppressed.......38

# പറയാൻ ബാക്കിവെച്ചത്...

ആർത്തിരമ്പുന്ന കടലിലേക്കും ഇരുണ്ട ആകാശത്തേക്കും നോക്കി അപ്പു ഇരുന്നു.പുറത്ത് കുപ്പിവളക്കിലുക്കം കേട്ട് അമ്മയെ ഓർത്ത് അവൻ ഓടിച്ചെന്നു.പക്ഷെ അത് അപ്പുറത്തെ അമ്മിണിച്ചേച്ചിയായിരുന്നു.അവന്റെ കണ്ണുകൾ നിറഞ്ഞു. എങ്കിലും ചേച്ചി കാണാതെ അവൻ അത് തുടച്ചു.ചേച്ചി കണ്ടോ.......ഇല്ല.

"മോൻ വല്ലതും കഴിച്ചോ....?" ചേച്ചി ചോദിച്ചു. ഇല്ലെന്ന് അവൻ തലയാട്ടി. "എന്നാ മോൻ വാ....". അവൻ അമ്മിണിക്കു പിന്നാലെ നടന്നു.അമ്മിണിച്ചേച്ചിക്ക് ഭർത്താവില്ല. ചേട്ടനെ

കടലെടുത്തതാണ്, എന്റെ അമ്മയെപ്പോലെ. അവൻ കണ്ണുനീർ ഒലിച്ചിറങ്ങാതെ തുടച്ചുകളഞ്ഞു കളഞ്ഞു.

പണ്ട് അമ്മ അടിക്കുമ്പോഴും വഴക്കുപറയുമ്പോഴും അവൻ കരഞ്ഞിരുന്നു.പക്ഷെ ഇപ്പോൾ .. അമ്മ കൂടെയില്ലെന്ന് വിശ്വസിക്കാനാവുന്നില്ല. അച്ഛനെക്കുറിച്ചൊന്നും അമ്മ പറഞ്ഞിട്ടില്ല....എനിക്ക് ചോദിക്കാൻ തോന്നിയിട്ടില്ലെന്ന് പറയുന്നതാവും ശരി.ഇന്ന്...ഇതാദ്യമായി... കടലമ്മ ക്രൂരയാണെന്നെനിക്ക് തോന്നിപ്പോവുന്നു.

അന്നം തരുന്നത് കടലമ്മയാണ് എന്നല്ലെ അമ്മ എന്നോടു പറഞ്ഞത്.എന്നിട്ട്...എന്തിനാ എന്റെ പാവം അമ്മയെ കൊന്നത്...?. ഒരു നിമിഷം കണ്ണുകൾ കടലിലേക്ക് പായിച്ചു..ഉത്തരം കിട്ടാത്ത ചോദ്യം .....

അമ്മിണിച്ചേച്ചി വിളമ്പിയ ചോറ് മുന്നിലുണ്ട്..ഇറങ്ങുന്നില്ല...വിശപ്പില്ല...കഴിച്ചെന്ന് വരുത്തി എണീറ്റു. പുറത്തിറങ്ങിയ അവനെ അമ്മിണി തടഞ്ഞു. "മോനിപ്പൊ ഇനി പോണ്ട.ഒറ്റക്കല്ലെ..". "ചേച്ചി പേടിക്കണ്ട..എനിക്ക്..എനിക്ക് അമ്മണ്ടാവും...". കടൽത്തീരത്ത് തെങ്ങുകൾ കാറ്റിലാടിയുലയുന്നുണ്ടായിരുന്നു.മാനം നോക്കിക്കിടക്കുമ്പോൾ അമ്മയുടെ വാക്കുകൾ ഓർമയിലെത്തി. മാനത്ത് നക്ഷത്രങ്ങളായി തിളങ്ങുന്നത് മരിച്ചവരാണെന്ന്..ആ കൂട്ടത്തിലമ്മയും കാണും..അല്ല

ഇടക്കെപ്പോഴോ ഒന്ന് ഉറങ്ങി."മോനെ..നന്നായി പഠിക്കണം.അമ്മ എന്നും ഉണ്ടാവും മോന്റെ കൂടെ..". അമ്മേ....അവൻ ഞെട്ടിയെണീറ്റു. ഇളം തെന്നൽ അവനെ തഴുകിക്കൊണ്ടിരുന്നു..അന്നേരം

ഒരു നക്ഷത്രം കൂടുതൽ തിളങ്ങിക്കൊണ്ടിരുന്നു...എന്തോ പറഞ്ഞു തീർന്ന പോലെ........

സന ഫാത്തിമ.എൻ.പി

9-C

# മടക്കയാത്ര

അതിരു മുറിച്ച് വേലിയറുത്ത്
സംഹാരരുദ്രയായിപാഞ്ഞൊഴുകിയവൾ
മാനവസൃഷ്ടിയാം കെട്ടിടമൊക്കെയും
മൺപുറ്റു പോലെ തകർത്തെറിഞ്ഞ്
ജീവനും കൈയ്യിലായ് പായും മനുഷ്യരെ
നോക്കിയാർത്തു ചിരിച്ചിടുന്ന
അംബരചുംബിയാം മാളികയും
കാറും സ്വർണക്കുമ്പാരവും
എന്തേ നീയൊന്നുമെടുക്കാതെയോടുന്നു
സമ്പാദ്യം പാടെ മറന്നുപോയോ..?
ആർത്തിയാലന്യായമേവം പ്രവർത്തിച്ച്
കുന്നുകൂട്ടി നിറച്ചതു സർവവും
കണ്ണൊന്നു വെട്ടിത്തുറക്കും മുന്നെ
പാഴ്‌വസ്തുവായി മാറുന്ന നേരം
കവറും ചവറും ഒട്ടേറെയെന്നും
എന്നിലെറിഞ്ഞു തീർത്ത ആ കാലം

മാറിൽ ചൂഴ്ന്ന കുഴലിറക്കിയ നേരം
വേദനയാൽ ഞാൻ പിടഞ്ഞ നിമിഷം
താളു തീർന്ന കണക്കുപുസ്തകം
മറിച്ചാണീ യാത്ര തുടങ്ങിയതും
എങ്കിലും നന്മ തൻ വറ്റാത്ത ഉറവയായി
ഇന്നുമുണ്ട് ചിലർ നിങ്ങളിലായി..
ഭയമിനി വേണ്ട ഉള്ളിലായി
പിൻവാങ്ങുന്ന ഞാൻ ശാന്തയായി.......

സന ഫാത്തിമ.എൻ.പി

# ഗനിത്യാർഭരം

സ്മൃതികളിൽ പോലും നിറയുന്ന മിഴികൾ
കണ്ടെന്റെ കൈക്കുള്ളിലൊരു പിടി മണ്ണിൻ
തരികൾക്ക് പറയുവാൻ ചരിതം; ത്യാഗനിർഭരം
കാട്ടാളരാംഗലേയർ തൻ ബൂട്ടിന്നടിയിൽ
ചതഞ്ഞരഞ്ഞിരുന്നൊരു നേരം
കരിനിയമമൊന്നിനാൽ കറിയുപ്പു പോലും
അന്യമാക്കിത്തീർത്തൊരു കാലം
ദേശസ്നേഹം തിളച്ചന്ന് നെഞ്ചിലായി
ഒരു പിടിയുപ്പന്ന് പ്രതിഷേധപ്രതീകം
ഉയരെയുയർന്നെങ്ങും കൈകൾ വാനിലായി
പിന്നോട്ടില്ലെന്ന ഗർജ്ജനവും
മർദനമുറകളിൽ തളരാതെയെവിടെയും
മുന്നോട്ടെന്നൊരൊറ്റ മന്ത്രം
മൃത്യുവിൻ മുമ്പിൽ പതറാതെ നിന്ന
എത്ര ധീരർ നമുക്കു മുമ്പിൽ
ജാലിയൻ വാലാബാഗിന്റെ മണ്ണിൽ

ഭാരതമാതാവിന്റെ മാറിൽ
പടർന്ന രക്തത്തിലലിഞ്ഞ ത്യാഗം
മുന്നിലാടും കൊലക്കയർ നോക്കി
പുഞ്ചിരി മാത്രം വിടർത്തിയ മുഖങ്ങൾ
ക്രൂരത നൃത്തമാടിയ ജയിലിലും
ശില പോലുറച്ചു പോരാടിയതെത്രപേർ ?
ശയനസുഖമാം പട്ടുമെത്തയും ത്യജിച്ച്
തറയിലുറങ്ങിയവരെത്രപേർ ?

ജാതിയുടെ വേലിക്കെട്ടറുത്ത്

വിഷമുള്ളിനാൽ നൊന്തുപോയവരെത്ര പേർ ?

പൊടിയുന്ന ചോരയിൽ നോട്ടമൊന്നെറിയാതെ

ത്യാഗത്താൽ മുന്നിട്ടുപോയതെത്ര പേർ ?

ഇന്നു ഞാൻ കുത്തുന്നയീ മണ്ണ്

എന്റേതാണെന്നുറച്ച് പറയാം

അതിനു പിന്നിലും ത്യാഗത്താൽ കോർത്ത

ഒരായിരം കൈകൾ മാത്രം......

സന ഫാത്തിമ.എൻ.പി

# നഷ്ടപ്പെട്ട ജീവിതവും സ്വപ്നവും

തിരക്കേറിയ ഒരു പട്ടണം. രാജ്യത്തിന്റെ നാനാഭാഗത്തേക്ക് പോകുന്ന യാത്രികർ. അങ്ങോട്ടുമിങ്ങോട്ടും സഞ്ചരിക്കുന്ന എത്രയോ വാഹനങ്ങൾ. വലുതും ചെറുതുമായ കെട്ടിടങ്ങൾ. എവിടെയോ നിന്ന് എവിടേക്കോ പോകുന്ന കുറെ തെരുവു ഭിക്ഷക്കാർ. ഓരോരോ സ്ഥലത്തും വ്യത്യസ്ത വേഷങ്ങളിലും പല പല മുഖങ്ങളിലും ആളുകൾ തിങ്ങിനിൽക്കുന്നു. തീർത്തും വിഭിന്നവും വിചിത്രവുമായ ഒരു ലോകം.

സമാന്തരരേഖകൾ പോലെ സ്റ്റേഷനിരുപുറവുമായി കണ്ണെത്താദൂരത്തോളം നീണ്ടുകിടക്കുന്ന റെയിൽപാളം. പ്ലാറ്റ്ഫോമിലെ സിമന്റുബെഞ്ചിൽ കീറിപ്പറിഞ്ഞ മുഷിഞ്ഞ വേഷവുമായി എന്തൊക്കെയോ ചിന്തിച്ചിരിക്കുന്ന ഏഴുപയസ്സുള്ള ഒരു ബാലൻ. ഓരോരോ വണ്ടി വണ്ടി വരുമ്പോഴും സ്വീകരിക്കാനും യാത്ര അയക്കാനും ചിരിച്ചും കരഞ്ഞും കൊണ്ടുള്ള വികാര പ്രകടനങ്ങൾ.....വണ്ടി കടന്നുപോകുമ്പോൾ കൈവീശിക്കൊണ്ട് വീശിക്കൊണ്ട് വിദൂരതയിൽ മറയുന്ന യാത്രക്കാർ. ആ കാഴ്ച അവന്റെ മനസ്സിൽ ഉരുണ്ടുകൂടി നിന്ന കാർമേഘമായി മാറാൻ തുടങ്ങി. അവന്റെ കണ്ണിൽ നിന്ന് പതിയെ കണ്ണുനീർ ഉറ്റിവീണു.

സിമന്റു ബെഞ്ചിൽ ചാരിയിരിക്കുമ്പോൾ അകലെയുള്ള വിശാലായ തെങ്ങിൻ തോട്ടത്തിനക്കരെയുള്ള ഒരു വീട് അവന്റെ മനസ്സിൽ തെളിഞ്ഞുനിന്നു. ചുറ്റും പൂന്തോട്ടവും നീലാകാശം പോലെ തെളിഞ്ഞുനിൽക്കുന്ന വലിയ കുളവുമുള്ള ഒരു മനോഹരമായ വീട്. ക്രിമിനൽ കേസുകളിലൂടെ നഗരത്തെ വിറപ്പിച്ച അഡ്വക്കേറ്റ് രാംകുമാറിന്റെയും പ്രൈമറി സ്കൂൾ അധ്യാപിക ബിന്ദുവിന്റെയും വീടാണത്. അവരുടെ ഏകമകൻ അപ്പുവിന്റെ പിറന്നാൾ ആഘോഷിക്കുകയാണാ വീട്ടിൽ. ആളുകൾ വരുകയും പോവുകയും ചെയ്യുന്നു. തിരക്കേറിയ അന്തരീക്ഷം.അവരുടെ ഒച്ചയും ബഹളവും അന്തരീക്ഷത്തിൽ ലയിച്ചികൊണ്ടിരുന്നു.

ഏകദേശം ഒരു നാലുമണിയോടുകൂടി ആളുകൾ പാർട്ടി കഴിഞ്ഞു മടങ്ങി. പക്ഷെ, ഈ ആഘോഷങ്ങളെല്ലാം അപ്പുവിന്റെ കുഞ്ഞുമനസ്സിനെ സന്തോഷിപ്പിച്ചിരുന്നില്ല. അവന്റെ മങ്ങിയ മുഖം തെളിയാനിതൊന്നും മതിയാകില്ലെന്ന് രാംകുമാറിനും ബിന്ദുവിനും അറിയാമായിരുന്നു. അവർ അവനരികിലേക്ക് ചെന്നു. അവൻ അത് ശ്രദ്ധിച്ചതേയില്ല. ആഘോഷം കഴിഞ്ഞ് ആളുകൾ മടങ്ങിയാലുടനെ മൃഗശാല കാണാൻ പോകാമെന്ന്

അവന് വാക്ക് നൽകിയതായിരുന്നു. അദ്ദേഹം അവന്റെ തലമെല്ലെ ഉയർത്തുന്നതിനിടെ പറഞ്ഞു "മോനെ അപ്പു, നമുക്ക് മൃഗശാല കാണാൻ പോകണ്ടെ...?". കൈ തട്ടിമാറ്റിക്കൊണ്ട് അവൻ പുറത്തേക്ക് നടന്നു.

പെട്ടെന്ന് തിരിഞ്ഞ് വിളിച്ചു പറഞ്ഞു" ഞാൻ റെഡി പപ്പാ..". അവർ യാത്രക്കൊരുങ്ങി. വീതിയേറിയ റോഡിലൂടെ രാംകുമാർ കാറോടിച്ചു. അവരുടെ നടുക്കിരുന്ന് പപ്പയെപ്പോലെ ഞാനും വക്കീലാവും..കുറ്റവാളികളെ ജയിലിലടക്കും.....തന്റെ സ്വപ്നങ്ങൾ പുലമ്പിക്കൊണ്ടിരുന്ന അവന്റെ വാക്കുകൾ അവർ കൗതുകത്തോടെ കേട്ടിരുന്നു. മുന്നിൽ കാണുന്ന മരച്ചില്ലകളെ തെന്നിമാറ്റിക്കൊണ്ട് കാർ മുന്നോട്ടു നീങ്ങി.  തെക്കു നിന്നും ഒരു ടാങ്കർ ലോറി കാറിനെതിരെ ചീറിപ്പാഞ്ഞു വന്നു. പൊടിപടലങ്ങൾ പറത്തി ഭൂമിയൊന്ന് കുലുങ്ങി വിറച്ചു. ശക്തിയായ ഉഷ്ണക്കാറ്റ് ആഞ്ഞുവീശി. രാംകുമാറിന്റെ ശ്രദ്ധ ലോറിയിലേക്കായി. അതു കൊണ്ട് കാറിന്റെ നിയന്ത്രണം വിട്ട് ലോറിയുമായി ഇടിച്ചു. കാറിൽ നിന്ന് കുട്ടക്കരച്ചിൽ അന്തരീക്ഷത്തിലുയർന്നു. ആളുകൾ ഓടിക്കൂടി. ശരീരങ്ങൾ ഉടലും തലയും വേർപ്പെട്ട്...... ചുടുചോര തളംകെട്ടി....അൽപസമയത്തിനു ശേഷം അവിടെ ഡ്യൂട്ടിയിലുണ്ടായിരുന്ന ഏതാനും പോലീസുകാർ ചേർന്ന് ശവശരീരങ്ങൾ പായയിൽ പൊതിഞ്ഞ് മോർച്ചറിയിലേക്ക് കൊണ്ടുപോയി. ആളുകൾ മടങ്ങവെ പൊന്തയിൽ നിന്ന് അപ്പുവിന്റെ നിലവിളി ഉയർന്നു. അവർ അവനെ ആശുപത്രിയിലെത്തിച്ചു. ഇടതു കൈയ്യൊടിഞ്ഞ് നെറ്റിയിൽ നിന്ന് ചോര ഒലിച്ചു കൊണ്ടിരുന്നു. ദിവസങ്ങൾക്കു ശേഷം അവന്റെ അസുഖം ഭേദമായപ്പോൾ ഡിസ്ചാർജ്ജ് വേദനയിൽ തികച്ചും ഒരു മാനസിക രോഗിയെപ്പോലെ ആയിത്തീർന്നു. ചെയ്തു. പക്ഷ, അവനെ കൊണ്ടുപോകാൻ ബന്ധുക്കളില്ലായിരുന്നു. അവൻ പപ്പയെയും മമ്മയെയും ഓർത്ത് കരഞ്ഞുകൊണ്ടിരുന്നു. ആശുപത്രിയിൽ നിന്നിറങ്ങുമ്പോൾ സ്വബോധം നഷ്ടപ്പെടുന്നത് പോലെ അവന് തോന്നി. തന്റെ മമ്മയും പപ്പയും സ്വപ്നവുമെല്ലാം നഷ്ടപ്പെ വളരെയധികം ദുർഘടം പിടിച്ച ഈ എവിടേക്കു പോകുമെന്നറിയാതെ അവൻ പകച്ചുനിന്നു. തികച്ചും ഭയാനകമായ ഏകാന്തത അവനെ ഭ്രാന്തു പിടിപ്പിച്ചു. ഇനിയും ഭ്രാന്തു പിടിപ്പിക്കുന്ന എത്രയോ വർഷങ്ങൾ അവനെയും കാത്തുനിൽക്കുന്നു. അവൻ ഉറക്കെ നിലവിളിച്ചു. അപ്പോഴാണവന് സ്വബോധം വന്നത്.

വടക്കുനിന്നും ഒരു വണ്ടി ചൂളം വിളിച്ചുകൊണ്ട് വിദൂരതയിൽ മറഞ്ഞു. പ്ലാറ്റിഫോം നിറയെ വണ്ടിയിൽ നിന്നിറങ്ങിയതും അല്ലാത്തതുമായ യാത്രക്കാർ. അവൻ ചാരുബെഞ്ചിൽ നിന്നെണീറ്റു. തനിക്കു നഷ്ടപ്പെട്ട ജീവിതം...സ്വപ്നം....എന്നെങ്കിലും പൂവണിയുമോ...?.
ഇല്ല..ഒരിക്കലുമില്ല..തന്റെ പപ്പയെയും മമ്മയെയും ഒരിക്കലും തിരിച്ചു കിട്ടില്ല....അവൻ തേങ്ങിക്കരഞ്ഞു.

റെയിൽവേ സ്റ്റേഷനിലൂടെ ജീവിക്കാനുള്ള തത്രപ്പാടിൽ ഒരു കൂട്ടം ഭിക്ഷക്കാരുടെ കൂടെ നീറുന്ന മനസ്സുമായി അവൻ നടന്നുനീങ്ങി. എങ്ങോട്ടാണെന്നറിയാത്ത ഈ യാത്ര തികച്ചും ഗൃഹാതുരത്വത്തിലേക്ക് അവനെ വലിച്ചിഴക്കുന്ന ഒന്നായിരുന്നു. ഹൃദയം കീറിമുറിക്കുന്ന പോലെ....അനന്തമായ ഭൂമിയിലൂടെ അവൻ നടന്നു നീങ്ങി..അവന്റെ സ്വപ്നങ്ങൾ പൂവണിയുമായിരിക്കും....അല്ലെ......
ഫാത്തിമ ജുമാന.വി

# THAT NIGHT

That terific night! I sat like a dog
and lightened the lamp
The night I cried a lot
with my husband
The lamp light was mesmerizing
children cried a lot and
they fell into sleep

I and my husbands eyes were fell of tears
Our grief ! The god cannot hear
That night was full of sorrow
We believed in god I was weary
The sun rays of the window make me afraid
I was agitated at that night .

The god's seek make me happy.
The love between us is inevitable .
The sound of wolf make me afraid.
His love make me happy.
he glistening life of others make me sad.
Our love is a dedicated one .
I remember the face of enemies.

I became sad.
I remembered the face of my sweet children ,
I feel happy

The true love is for ever.
The night is mavrone.
The story of happy make me live.
My golden days are full of terror
The path I gone is geive .

I can't enjoy my life .
Because of the devil around me.
My tears gone stream like a water.

When sun rise , I feel happy.
The beauty of nature is inevitable to me.
The face of my children make me shine .

I feel love, I cannot feel afraid.
Now I know what's right and what's wrong

# اردو زبان کا اہمیت

اردو زبان قومی یکجہتی کی نیشان ے۔اس نےمختلف قوموں میں اتحاد پیدا کیا۔رواداری کا سبق سکھایا۔ہندوستان میں مختلفزبانیں بولی جاتی ہے۔ان زبانوں میں اردو ایک آریای زبان ہے۔

یے ایک مخلوط زبان ہے۔اردو کےادب کی تخلیف کرنے میں مختلف قوموں نے اہم رول ادا کیا ہے۔یے زبان دلّی کے آس پاس پیدا ہوی۔یہاں پر پہلی پھولی اور ترقی کر کے آج ایک عالمی کی زبان بن گی ۔

" ہندوستان کی تحریک آزادی میں اردو کے کردار کو نظرانداز نہی کیا جا سکتا۔اس نے ہمیں سارے جہاں سے اچھا" جیسے قومی ترانہ اور" انقلاب زندہ آباد" جیسے جو شیلے نعرے دیے۔۔ "اردو ہماری پیاری زبان"۔

- SHIFANA SHERIN K.P

# खिडकी

खिडकी खोला खिडकी खोला
आया आया डठी हवा आया
और छौडी छौटी चिटिया का आवाज
कितनी सुदर कितनी सुदर
आया आया खुशी से बारिश
खुशी का मैस बि आया
खिडकी खोला खिडकी कोला
आया बारिश
आया

बॅचछे ने खुशी से खेलत
खिडकी  खोला और बारिश के
ढोका
पृकृती कितना सुदर है


खिडकी खोला रात मै खोला
सुदर सुदर जमके तारे
और जमके शाशी के दोका
आया आया खुशि आया


WE SERVE
ബാലജന സഖ്യം
അഖില കേരള ബാലജന സഖ്യം ജില്ലാ തല മത്സരത്തിൽ ഇംഗ്ലീഷ് കവിതയിൽ
രണ്ടാം സ്ഥാനവും മലയാളം കവിത മത്സരത്തിൽ മൂന്നാം സ്ഥാനവും
നേടിയതിനുള്ള ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ഏറ്റുവാങ്ങുന്ന നഷ് വ.പി
അഭിനന്ദനങ്ങൾ
TEAM IKT


ജില്ലാ ഗാന്ധി ദർശൻ കലോത്സവം HS
കവിതാ രചന
സന
ഫാത്തിമ എൻ.പി
അഭിനന്ദനങ്ങൾ
IKTHSS CHERUKULAMBA


അഭിനന്ദനങ്ങൾ
മലപ്പുറം ജില്ലയിലെ മികച്ച നല്ല പാഠം
കോ-ഓർഡിനേറ്റർമാരായി തെരഞ്ഞടുത്ത
അദ്ധ്യാപകർക്കുള്ള ഉപഹാര സമർപ്പണം
TEAM IKT
IKT EDU CITY


അഭിനന്ദനങ്ങൾ
മലയാള മനോരമ
നല്ല കേരളം
വിദ്യാർഥി സഭ
2019
മുഹമ്മദ് മിദ്‌ലാജ്.യു.
മലയാള മനോരമ നല്ലപാഠത്തിന്റെ നേതൃത്വത്തിൽ കൊച്ചിയിൽ നടന്ന വിദ്യാർഥി സഭയിൽ മലപ്പുറം ജില്ലയെ പ്രതിനിധീകരിച്ച് പങ്കടുത്ത സ്കൂളിലെ മുഹമ്മദ് മിദ്‌ലാജിന് അഭിനന്ദനങ്ങൾ.
TEAM IKT



CONGRATULATIONS
MALAPPURAM DIST TAEKWONDO
FIRST PRIZE
ROSNA SILVIN
IKT EDU CITY IKT EDU CITY IKT EDU CITY
TEAM IKT


അലിഫ് ടാലന്റ് ക്വിസ്
IKT EDU CITY
വിജയി
മുഹമ്മദ് അമീൻ
CONGRATULATIONS
TEAM IKT


OVER ALL SECOND
IKTHSS CHERUKULAMBA
CONGRATULATIONS
TEAM IKT


1st
04933242039
IKT EDU CITY
ikt edu city
IKT VISION
ikthss cherukulamba
ikthssckb@gmail.com


മങ്കട ഉപജില്ല
സ്കൂൾ കലോത്സവം 2019
അറബിക് കലോൽസവം
1ST PLACE
IKTHSS CHERUKULAMBA
CONGRATULATIONS
TEAM IKT


സംസ്കൃതോത്സവം
2
IKTHSS CHERUKULAMBA
CONGRATULATIONS
TEAM IKT



കോട്ടക്കൽ ആര്യവൈദ്യശാല,മ്യൂസിയം,തുഞ്ചൻ പറമ്പ്,അഴിമുഖം
എന്നിവ സന്ദർശിച്ച സ്കൂളിലെ ആയു ക്ലബ് അംഗങ്ങൾ



ആര്യവൈദ്യശാലയുടെ സ്കൂളിനുള്ള
ഉപഹാരം നൽകുന്നു

THE ARYA VAIDYA SALA KOTTAKAL

Dhanvantari
Ayu Club
IKTHSS CHERUKULAMBA



# അഭിനന്ദനങ്ങൾ

ജില്ലാ ലൈബ്രറി കൗൺസിലിന്റെ താലൂക്ക് തല മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ആദിൽ.ടി.

TEAM IKT IKT EDU CITY

04933 242 039 ikthssckb@gmail.com IKT EDU CITY IKTHSS CHERUKULAMBA

# മങ്കട ഉപജില്ല ക്വിസ് മത്സരം

സിഎച്ച് മുഹമ്മദ് കോയ പ്രതിഭാ ക്വിസ് KSTU

ഒന്നാം സ്ഥാനം



ആദിൽ.ടി



അജ്ബ ഷെറിൻ

## അഭിനന്ദനങ്ങൾ

TEAM IKT

IKTHSS CHERUKULAMBA


WE SERVE
ബാലജനസഖ്യം
മലപ്പുറം യൂണിയൻ
രാമായണം ക്വിസ്
ആദ്യ മൂന്ന് സ്ഥാനവും ഐ.കെ.ടിക്ക്
അഭിനന്ദനങ്ങൾ
ഒന്നാം സ്ഥാനം
രണ്ടാം സ്ഥാനം
മൂന്നാം സ്ഥാനം
IKT EDU CITY IKT EDU CITY IKT EDU CITY
അശ്വിനി
അജ്ബ
ഷെറിൻ.എം.പി
ആർദ്ര
TEAM IKT
IKT EDU CITY
04933 242 039
ikthssckb@gmail.com
IKT EDU CITY
IKTHSS CHERUKULAMB


മങ്കട ഉപജില്ലാ ശാസ്ത്ര മേള
IKT EDU CITY IKT EDU CITY IKT EDU CITY
ഐ.ടി മേള ഓവറോൾ ഫസ്റ്റ്
മാത് സ് ഫെയർ ഓവറോൾ സെക്കന്റ്
അഭിനന്ദനങ്ങൾ
TEAM IKT

# കാലത്തിന്റെ കയ്യൊപ്പ്

മലയാള സാഹിത്യത്തിലെ പ്രശസ്ത കഥാകൃത്തും, നോവലിസ്റ്റ്, തിരക്കഥാകൃത്ത്, സിനിമാസംവിധായകൻ എന്നീ നിലകളിലും പ്രശസ്തനായ എം. ടി വാസുദേവൻനായരുടെ പ്രശസ്ത നോവലാണ് 'കാലം'.കാലത്തിന്റെ മറുകര തേടുന്ന കഥാനായകൻ 'സേതുമാധവന്റെ' ജീവിത ഇതിഹാസമാണ് ഈ നോവൽ. കടന്നു പോകുന്ന ഓരോ പാതയിലും തന്റെ അടയാളമെങ്കിലും അവശേഷിപ്പിക്കുവാൻ ആഗ്രഹിക്കുന്ന മനുഷ്യർ. ഒടുവിൽ മുന്നിൽ കാണുന്നത് രക്തം വാർന്നുതീർന്ന മൃതശരീരമാണ്. അയാൾക്ക് കൂട്ടിനായി സ്വന്തം നിഴൽ മാത്രം അവശേഷിക്കുന്നു. പച്ചയും , ഈർപ്പവും , അലഞ്ഞകലുന്ന നാടിന്റെ കഥയെ മനുഷ്യകഥയിൽ ലയിപ്പിച്ചിരികുന്ന കഥാനായകൻ , എങ്കിലും , ഉദയത്തിന്റെ ഗോപുരങ്ങളിലേക്ക് നോകുന്നു . ആരും കാണാതെ താമരകളുടെ ഒരു പൊയ്ക എവിടെയോ ഉണ്ടെന്ന് ആശ്വസിക്കുന്നു. മലവെള്ളം സ്വപ്നം കണ്ടുണങ്ങിയ പുഴപോലെ , ജീവിതത്തിൽ സമൃദ്ധികൾ കിനാവ് കണ്ട് കാലഗതിയുടെ കഥ! കാലത്തിന്റെ ആസിരമായ കൈകൾക്ക് പിടികൊടുക്കാതെ കലാശക്തിയുടെ കൈയ്യൊപ്പായ എം.ടിയുടെ കാലം പച്ചമനുഷ്യന്റെ നിസ്വാർത്ഥമായ ജീവിതം ചൂണ്ടികാട്ടുകുന്നു . പട്ടാളക്കാരനായ കഥാനായകന്റെ അഛൻ, ഗ്രാമീണ ജീവിതത്തോട് ഇഴ ചേർന്ന അമ്മ , ചെറിയമ്മ , മാധവമാമ്മ , ദേവു , സുമിത്ര , ഉണ്ണിനമ്പൂചതിരി , തങ്കമണി എന്നിവരാണ് ഈ നോവലിന്റെ മറ്റു കഥാപാത്രങ്ങൾ.

ഗ്രാമത്തിലെ പഴഉണികെട്ടിൽ നിന്നും നഗരത്തിന്റെ പുതുവസ്ത്രത്തിലേക്ക് മാറാൻ ശ്രമികുന്ന നായകനേയാണ് നമുക്ക് ഈ നോവലിൽ കാണാൻ സാധിക്കുക. നാടൻ ഭാഷയിൽ സാധാരണക്കാരന് മനസ്സിലാവുന്ന തരത്തിൽ വളരെ ലളിതമായ രീതിയിൽ നോവലിനെ 'എം.ടി ' ആവിഷ്കരിച്ചിരിക്കുന്നത് . മാസം തോറും അച്ചനോ , ഏട്ടനോ അയച്ചു കൊടുക്കുന്ന തുക അടച്ചാണ് സേതു നഗരത്തിലെ കോളേജിൽ പഠിക്കുന്നത്. തികച്ചും ഗ്രമത്തെ വർണിച്ച് തുടങ്ങുന്നത് ഇങ്ങനെയാണ്

"അകലെ ഇരുമ്പുപാലവും തണ്ടുവാളങ്ങളും വിറയ്ക്കുന്നു.... മലവെള്ളം സ്വപ്നം കണ്ടുണങ്ങിയ പുഴ, എന്റെ പുഴ , പിന്നിൽ ചോര വാർന്ന് വീണ ശരീരം പോലെ ചലനമറ്റ് കിടക്കുന്നു".
ആദ്യത്തിന്റേയും , അവസാനത്തിന്റേ  ഇടയിലുള്ള സംഭവബഹുലമായ രംഗങ്ങളെ തീക്ഷണത തുമ്പുന്ന വാക്കുകളിൽ എം.ടി അവതരിപ്പിച്ചിരിക്കുന്നു.

രാത്രിയുടെ വിയർപ്പ് വീണ് നനഞ്ഞ മണൽതിട്ടിൽ നീലച്ച  മഞ്ഞിൽ പടലങ്ങൾ പോലെ അയാൾ ഒഴുകി നടന്നു. ഇളം ചൂടുള്ള നനുത്ത വെയിലിൽ ഒഴിഞ്ഞ പുഴവക്കിൽ അയാളുടെ നീണ്ട നിഴൽ ഒപ്പമെത്താൻ  29 വലിഞ്ഞിഴഞ്ഞു. അകലെ വൃക്ഷത്തലപ്പുകളുടെ ഉയരത്തിൽ ഉദയത്തിന്റെ കണ്ണഞ്ചിപ്പിക്കുന്ന ഗോപുരങ്ങളിൽ തളർന്ന കാലടി വെപ്പുകളോടെ  അയാൾ തന്റെ ജീവിത പ്രയാണം തുടരുകയാണ്. അതിന് അവസാനം കുറിച്ചിട്ടില്ല. അയാൾ അലയുകയാണ്. പ്രതീക്ഷയുടെ കിരണങ്ങൾ തന്നിലലിയുന്ന വരെ.

വളരെ നല്ല രീതിയിൽ പഠിക്കുന്ന ആളായിരുന്നു സേതുമാധവൻ . ആയാൾ നഗരത്തിലെ കോളേജിൽ പഠിക്കുന്നു. വഷവസാന പരീക്ഷയിൽ നല്ല മാർക്കോടു കൂടി തന്നെ സേതു മാധവൻ പരീക്ഷയിൽ വിജയിക്കുന്നു . ഒരു കൃഷി ഓഫീസറായി ദൂരെ പട്ടണത്തിൽ ജോലി ലഭിക്കുന്നു. അവിടെ എത്തി ഒരു ദിവസം പൂർണ്ണമാവുന്നതിന് മുമ്പ് തന്നെ മേലുദ്യോഗസ്ഥനമായുള്ള തർക്കം കാരണം ജോലി ഉപേക്ഷിക്കേണ്ടി വന്നു. ഇടവപ്പാതി കാർന്നുതിന്നുന്ന പുഴവക്കിൽ, മരണം കാത്തു നിൽക്കുന്ന

മരങ്ങളുടെ വേരുകൾ അസ്ഥികൂടത്തിന്റെ വിരലുകൾ പോലെ ശൂന്യതയിൽ തപ്പിനടക്കുന്നു. അതുപോലെയാണോ ഞാൻ? സേതു മാധവൻ ചിന്തിക്കുന്നു :
30
'കാലത്തിന്റെ വറ്റിയ പ്രവാഹത്തിന്റെ തീരത്തിൽ അവസാനം താനെത്തി ചേരുന്നിരിക്കുന്നു.
ചിന്തയുടെ ഉദയത്തിൽ ശുഷ്കിച്ച മുഖത്ത് വാടിയ ചിരി വിടർന്നു പരന്നതു ഭീതിയോടെ അവൻ നോക്കികണ്ടു. നിഗൂഢമായ നിശബ്ദതയുടെ വലയം തന്നെ അവരണം ചെയ്യുവോ?

ഒരു ഉയർന്ന കമ്പനിയിൽ  ശ്രീനിവാസൻ മുതലാളിയുടെ കീഴിൽ മാനേജരായി സേതുവിന് ഉദ്യോഗം  ലഭിക്കുന്നു. അവിടെ കുറച്ച് കാലം സേവനം ചെയ്തു

ശേഷം അവിടെ നില്ലും തിരിച്ചു നാട്ടിവലേക്കു പോകാൻ തന്റെ മനസ്സ പറയുന്നതായി സേതുവിന് തോന്നി....

"വെൻ ആർ യൂ ലിവിങ്?"

"നിശ്ചയിച്ചിട്ടില്ല, ചില പ്പോൾ നാളെ . അല്ലെങ്കിൽ...."

വീണ്ടും ഇരുണ്ട മുറ്റത്തുകൂടി അയാൾ നടന്നു. പടിയുടെ തുടക്കത്തിൽ എത്തിയപ്പോൾ ബോധം നശിച്ചുവെന്ന് അവന് തോന്നി. തനിക്കു തന്നെ മനസ്സിലാവാത്ത ഭാഷയിൽ അയാൾ എന്തെല്ലാമോ പറഞ്ഞു. തന്റെ വിരൽതുമ്പുകളിൽ വിട്ടുമാറാത്ത സുഗന്ധം തങ്ങിനിൽക്കുന്നതായി അവന് തോന്നി. ഒരു സുഗന്ധത്തിന്റെ ഓർമയിൽ രാത്രി ഒരു പൂപോലെ ചുറ്റും വിടർന്നു പൊങ്ങി ഓളങ്ങളുടെ സംഗീതം കേട്ടുകൊണ്ട് , അതിന്റെ അല്ലിത്താളിനു മുകളിൽ അവൻ അന്ന് തലചായ്ച്ചുറങ്ങി

അയാൾ കമ്പനിയിലെ ജോലി ഉപേക്ഷിച്ചു തുടർന്ന് തന്റെ നാട്ടിലെത്തിയ സേതുവിന് കാണാനും കേൾക്കാനും വാർത്തകൾ ഉണ്ടായിരുന്നു.മരത്തിനെ ചുറ്റി വളർന്നു കൊണ്ടിരിക്കുന്ന വള്ളിപ്പടർപ്പു പോലെ. തന്റെ അമ്മയേയും ചെറിയമ്മയേയും അസുഖം അതിന്റെ ചങ്ങലയിൽ ബന്ധിച്ചിരിക്കുന്നു. തന്റെ പ്രണയിനി തങ്കമണി വിവാഹം കഴിഞ്ഞ് ബോംബേയിൽ താമസിക്കുന്നു. തന്റെ 'സ്വകാര്യ സ്വത്ത്'’സുമിത്രയുടെ വിവാഹം കഴിഞ്ഞിരിക്കുന്നു. 31

രാത്രിയുടെ നീലവെളിച്ചം നിർമ്മിച്ച ശൂന്യതയുടെ പടുകുഴിയിലെക്ക് താൻ വീണു പോവുകയാണോ എന്ന് സേതു മാതവന് തോന്നി...അവന്റെ തോന്നൽ ശരിയായിരുന്നു.

കഥയുടെ തുടക്കം മുതൽ അവസാനം വരെ വായനക്കാരെ പിടിച്ച് നിർത്തുന്ന ശൈലിയിലാണ്‘എം.ടി’നോവൽ നമുക്ക് മുമ്പിൽ അവതരിപ്പിച്ചിട്ടുള്ളത്. നാടൻ ഭാഷയിൽ പച്ചമനുഷ്യന് മനസ്സിലാകുന്ന രീതിയിൽ. ഗ്രാമീണാന്തരീക്ഷത്തിൽ നിന്നും നഗരത്തിൽ എത്തി ഉയർന്ന നേട്ടങ്ങൾ കരസ്ഥമാക്കാൻ ആഗ്രഹിക്കുകയും പിന്നീട് ഗ്രാമത്തിന്റെ തന്നെ നിഗൂഢതയിലെക്ക് കഥാനായകൻ തള്ളപ്പെടുന്നു.വീട്ടിലെ അവസ്ഥയുമായി പൊരുത്തപ്പെട്ട് ജീവിക്കാൻ തുടങ്ങുന്നു. ഇതുപോലുള്ള എല്ലാ മനുഷ്യരുടെയും പ്രതീകമായാണ് ‘എം.ടി’സേതുമാതവനെ അവതരിപ്പിച്ചിട്ടുള്ളത്. സമൂഹത്തിന്റെ അരക്ഷിതാവസ്ഥയിൽ നിന്നും ഉയർന്നുവന്ന ചെറുപ്പക്കാരുടെ ദീപസ്തംഭമായി ‘എം.ടി’സേതുമാധവനെ

അവതരിപ്പിക്കുന്നു.പ്രകൃതിയേയും മനോഹരമായ തന്നെ നോവലിസ്റ്റ് അവതരിപ്പിച്ചിരിക്കുന്നു.

യു. കെ കുമരന്റെ 'ഉണ്ണിയും പോകുന്നു'എന്ന കഥ ഈ നോവലിന് സാമ്യത പുലർത്തുന്നു. എനിക്ക് ഈ നോവലിലെ ഓരോ ഏടും ഇഷ്ടമായി. ഒന്ന് ഒന്നിനൊന്ന് മികച്ചതായി നിൽക്കുന്നു. ഓരോ ഭാഗവും വായികുമ്പോൾ അത് നമ്മെ

മറ്റൊരു ചിന്തയിലേക്ക് താഴുന്നു. 'ഒ. വി വിജയന്റെ' 'ഖസാക്കിന്റെ ഇതിഹാസം' പോലെ 'എം.ടി' യുടെ 'കാലം' മറ്റൊരു ഇതിഹാസമാണ്. 'സേതു മാധവന്റെ ഇതിഹാസമാണ്'.

"പിന്നീട് ഞാനുണർന്നപ്പോൾ

എന്റെ മജ്ജ, എല്ലുകളെ
വിട്ടകന്നിരുന്നു, നീയാണ്
ഞാനാഗ്രഹിച്ച സുഹൃത്ത്

പക്ഷ, ഞാനുണർന്നത്
അതിനനല്ല....അതുകൊണ്ട്
ഞാനതിനെ സംശയത്തിലേക്ക്
വിടുന്നു.... സംശയത്തിലേക്ക്....

ആദിൽ.ടി
10-C



കേരള സ്കൂൾ
കലോത്സവം
സംസ്കൃത നാടകം
A GRADE
TEAM IKT
IKTHSS CHERUKULAMBA


60
കേരള സ്കൂൾ
കലോത്സവം
CONGRATULATIONS
ഇംഗ്ലീഷ് കഥാ രചനയിൽ 'എ' ഗ്രേഡോടെ തുടർച്ചയായി
രണ്ടാം വർഷവും ജേതാവായ ഐറിൻ.വി
IKTHSS
CHERUKULAMBA
TEAM IKT

## The Voice Of Oppressed

-Ayrin -10 B

It was a dark night. The houses with snow filled roofs caught my vision. The aroma from the chimneys of every house in the village touched my nose. The weather was glorious. The air was transparent yet very much fresh. The coat black sky was sprinkled with sparkling tiny stars . The trees was enhanced by the silver rime. The houses were all polished by the falling snow .The breeze touched me smoothly as my blonde hair flew fearless . I was a girl of about fifteen and never felt agitated as much as i felt on the dark night of snow . It was nothing about the little attic of mind or neither about the future visions but all about the next days gathering . Only me as a representative of women from my institute . My thoughts seemed had went wiled enough and only by the balcony stood

all dark, damp and cold were slow and weary. I could not stop thinking about tomorrow. the massive squabbling crowd, the officers, the men without any ladies around.

The sun had already stood in between the clouds spreading light all over. The chirping of birds, the ready to melt snow, the trees with fresh droplets and the clear blue vast sky made me rise and shine. There i was standing in front of the mirror wearing casuals

and not having a smile but widely tensed face. I caught up with my backpack and lot of bread. I stared at my mother standing by table and gazing me with much agitated face.

I was walking through the way all filled with snow and bushes with silver rime. My mind was shook,all the way just a few steps i could see the large squabbling crowd with flashing cameras all ready to question me with their devil thoughts . My heart started pounding , the sweat ran through my face even in the cold atmosphere.

I occupied a seat facing the mass on the stage and not knowing what would come out of their mouth.

“why were you all alone in the dark at mid night?” A man of about early 40’s asked me with his crinkled brows. as i heard this question from the squabbling mass, i took a quick run through the crowd with my eyes. and there at that moment my lips faltered, “was that the mistake i have done. don’t a teenaged girl have right to stand in the dark waiting for the bus that too in the mid night ?”

this answer made the crowd even more fatal.

“why did you his a man who had came across to you at that time?”.

Asked another man from the large squabble.

This question had made me even preserved to raise my voice against the mas.

“Didn’t he say that he had try to abuse me in the dark space at the bus stop”.

The voice had perished. The sky was still dear with clouds and bright son. There i saw for behind the calm crowd my weary mother with her pleasant face all turned up white in between the snow filled big trees with silver rime

# CLUB ACTIVITIES



# ഐ.കെ.ടിയിൽ സഹായ പ്രളയം




പ്രളയ ബാധിത പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള
പഠനോപകരണങ്ങൾ നൽകുന്ന വിദ്യാർത്ഥികൾ





TEAM IKT   IKT EDU CITY

04933 242 039   iktsckb@gmail.com   IKT EDU CITY   IKTHSS CHERUKULAMBA




വിവിധ വർണങ്ങളിൽ ചാലിച്ച പേപ്പറുകളിൽ
അക്ഷരം പകർന്ന് നൽകിയ പ്രിയഅധ്യാപകരെ
പുസ്തകം ചേർത്ത് പിടിച്ച് അവരെഴുതി.എന്നെ ഞാനാക്കിയ പ്രിയഗുരുവിന് നന്ദി

TEAM IKT   IKT EDU CITY



ഹോണസ്റ്റി ഷോപ്പ്
കുട്ടികളിൽ സത്യസന്ധത വളർത്തുന്നതിനായി ആരംഭിച്ച
ഹോണസ്റ്റി ഷോപ്പിന്റെ ഉത്ഘാടനം മാനേജർ സാദിഖലി തങ്ങൾ ഉത്ഘാടനം ചെയ്യുന്നു
IKTHSS CHERUKULAMBA


IKTHSS CHERUKULAMBA
പത്താം തരത്തിലെ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കായി...
രക്ഷാകർതൃത്വം നാം
അറിയേണ്ടത്...?
2020 ജനുവരി 18 ശനി
പി.എം.എ ഗഫൂർ
പ്രശസ്ത ട്രൈനർ പി.എം.എ ഗഫൂർ
ഐ.കെ.ടിയിലെ രക്ഷിതാക്കൾക്കൊപ്പം
IKTHSS CHERUKULAMBA

*THANKS*